# CAREER Updates

# പത്രവൃത്താന്തം

19.09.2024 (വ്യാഴം)



- ⇨ 2024 സെപ്തംബറിൽ നടന്ന പ്രഥമ കേരള ക്രിക്കറ്റ് ലീഗിൽ ജേതാക്കളായത്
- ✔ കൊല്ലം സെയ്ലേഴ്സ്
- ഫൈനലിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ പരാജയപ്പെടുത്തിയാണ് കൊല്ലം സെയ്ലേഴ്സ് കിരീടം നേടിയത്.
- ടൂർണമെന്റിലെ മികച്ച താരമായി തിരഞ്ഞെടുക്കപ്പെട്ടത് എൻ.എം. ഷറഫുദ്ദീൻ (കൊല്ലം സെയ്ലേഴ്സ്) ആണ്. ഫൈനലിലെ താരമായി സച്ചിൻ ബേബി (കൊല്ലം സെയ്ലേഴ്സ്) തിരഞ്ഞെടുക്കപ്പെട്ടു.
- ടൂർണമെന്റിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ താരം സച്ചിൻ ബേബി ആണ്. ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ താരം അഖിൽ സക്കറിയ (കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്) ആണ്.

CAREER GUIDANCE BUREAU

- ⇨ പകർച്ചേതരവ്യാധികളുടെ നിയന്ത്രണത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് 2024 സെപ്തംബറിൽ യു.എൻ. കർമസേന പുരസ്കാരം നേടിയ, കേരള സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഇരിങ്ങാലക്കുട ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ഥാപനം
- ✔ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (നിപ്മർ)

- ⇨ രക്ഷിതാക്കൾക്ക് പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ച് കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനായി കേന്ദ്രസർക്കാർ 2024 സെപ്തംബറിൽ ആരംഭിച്ച പുതിയ പദ്ധതി
- ✔ എൻ.പി.എസ്. വാത്സല്യ
- ⇨ ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച തേജസ് യുദ്ധവിമാനം പറത്തുന്ന ആദ്യത്തെ വനിതാ പൈലറ്റ് എന്ന നേട്ടം സ്വന്തമാക്കിയത്
- ✔ മോഹന സിങ്
- ⇨ 2024 സെപ്തംബറിൽ ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷന്റെ ചെയർമാൻ ആയി നിയമിതനായത്
- ✔ റിയാദ് മാത്യു
- ⇨ ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭായോഗം അനുമതി നൽകിയ തീയതി
- ✔ സെപ്തംബർ 18, 2024
- ⇨ ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിലിന്റെ അമ്പയേഴ്സ് പാനലിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട പാകിസ്ഥാനിൽ നിന്നുള്ള ആദ്യത്തെ വനിത
- ✔ സലീമ ഇംതിയാസ്
- ⇨ 2024 സെപ്തംബറിൽ ഗോവയിലെ മുഖ്യ വിവരാവകാശ കമ്മിഷണറായി നിയമിതനായ മലയാളി
- ✔ അരവിന്ദ് എച്ച്. നായർ
- ⇨ കലാപത്തെ തുടർന്ന് താറുമാറായ ക്രമസമാധാനം മെച്ചപ്പെടുത്താൻ കരസേനയ്ക്ക് 2024 സെപ്തംബർ മുതൽ രണ്ട് മാസത്തേക്ക് ജുഡീഷ്യൽ അധികാരം നൽകിയ ഇന്ത്യയുടെ അയൽരാജ്യം
- ✔ ബംഗ്ലാദേശ്

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999